# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2408

## 08.03.2017 - ലെ മറുപടിയ്ക്ക്

## കറൻസി രഹിത വിനിമയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.കെ.സി. മമ്മത് കോയ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ട്രഷറി എസ്.ബി. അക്കൗണ്ടുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് കറൻസി മാർഗ്ഗത്തിലൂടെ അല്ലാതെ വിനിമയം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; | ട്രഷറി എസ്. ബി. അക്കൗണ്ടിൽ നിന്നും IFS കോഡുള്ള ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ഇലക്ട്രോണിക് മാർഗ്ഗത്തിൽ പണം വിനിമയം നടത്തുന്നതിനുള്ള സംവിധാനം 01.02.2017 മുതൽ ട്രഷറികളിൽ നിലവിലുണ്ട്. |
| (ബി) | നോട്ടു നിരോധനം വന്ന സാഹചര്യത്തിൽ അത് നിക്ഷേപകർക്ക് പ്രയാസം ഉളവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | നോട്ടു നിരോധനം വന്ന സമയത്ത് നിക്ഷേപകർക്കുണ്ടായ പ്രയാസം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്. നോട്ടു നിരോധനംമൂലം നിക്ഷേപകർക്ക് ഉണ്ടായ പ്രയാസം പരിഹരിക്കുന്നതിന് അതാത് ട്രഷറികളുടെ ഏജൻസി ബാങ്കുമായി സഹകരിച്ച് ട്രഷറി എസ്. ബി. യിലുള്ള പണം നിക്ഷേപകരുടെ താത്പര്യ പ്രകാരം അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെ വരവു ചെയ്തു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ